

# ചായക്കടയിലെ ലോകസഞ്ചാരികൾ

• ആബിദ് കോലിക്കര



വിജയനും മോഹനയും

## വൈറൽ

യാത്ര പോവാൻ ഇഷ്ടമില്ലാത്തവർ ആരാണുള്ളത്? പുതിയ സ്ഥലങ്ങൾ, കാഴ്ചകൾ, അനുഭവങ്ങൾ, വ്യത്യസ്തരായ മനുഷ്യർ ഇവയെല്ലാം ഓരോ യാത്രയിലും നമ്മളെ കാത്തിരിക്കുന്നുണ്ട്. മൃഗശാലകളും കാഴ്ച ബംഗ്ലാവുകളും പാർക്കുകളുമൊക്കെയാവും കൂട്ടുകാർക്ക് കൗതുകം. എന്നാൽ ഒരു പടി കൂടി കടന്ന് വിദേശ രാജ്യങ്ങളിലേക്കാണ് യാത്രയെങ്കിലോ? അതൊക്കെ ഒത്തിരി കാശ് വേണ്ട കാര്യമല്ലേ, സാധാരണക്കാർക്കൊക്കെ

◆◆ എവറസ്റ്റ് കീഴടക്കിയ ആദ്യ അറബ് വനിത– സുബൈയ്ൻ അൽ ഹൂബി

പറ്റുമോ എന്നൊക്കെ ചിന്തിക്കുന്നവരെ കാണാം.

അത്തരം ധാരണകൾക്ക് ജീവിതം കൊണ്ട് മറുപടി പറയുകയാണ് കൊച്ചി ബാലാജി കോഫി ഷോപ്പുടമകളായ വിജയനും മോഹനയും. ഈ ചായക്കട മാത്രം വരുമാനമാർഗമായുള്ള ഇവർ സന്ദർശിച്ചത് 23 രാജ്യങ്ങളാണ്.

ജീവിതം തന്നെ യാത്ര പോവാനായി മാറ്റിവെച്ചിരിക്കുകയാണ് ഈ ദമ്പതികൾ. യാത്രാനുഭവങ്ങളോടൊപ്പം തന്നെ അമൂല്യങ്ങളായ ജീവിത പാഠങ്ങളും ഇവർ പറഞ്ഞു തരുന്നു.

ലക്ഷ്യത്തോടുള്ള അടങ്ങാത്ത അഭിലാഷവും ആത്മവിശ്വാസവുമാണ് തങ്ങളുടെ യാത്രകൾ സഫലമാവാൻ കാരണം എന്നവർ പറയുന്നു. ചെറിയ ചായക്കടയിലെ വരുമാനത്തിൽ നിന്നും ദിനേന ചെറിയൊരു തുക അവർ മാറ്റിവെക്കുന്നു. അങ്ങനെ സ്വരുക്കൂട്ടിയ കാശ് കൊണ്ടാണ് അവർ ഓരോ യാത്രയും പോകുന്നത്.

വെറുതെ യാത്ര പോയി തീർത്ത കാശ് കൊണ്ട് എന്തെല്ലാം ചെയ്യാമായിരുന്നു എന്ന് പറയുന്നവരോട് പണം ഇങ്ങനെ സമ്പാദിച്ചു കൂട്ടലല്ല തങ്ങളുടെ ലക്ഷ്യമെന്നാണവർക്ക് പറയാനുള്ളത്.

ഇനിയും ഒട്ടേറെ രാജ്യങ്ങൾ കാണാനുണ്ടെന്നും ഈ കാഴ്ചകൾ നൽകുന്ന അറിവുകളെയും അനുഭവങ്ങളെയും പറ്റി എത്ര വർണിച്ചാലും മതിയാകില്ലെന്നും അവർ ആവേശത്തോടെ പങ്കു വെക്കുന്നു. ◈






*വിജയനും മോഹനയും തങ്ങളുടെ ചായക്കടക്കുമുന്നിൽ*

◆◆ ഭാരത രത്ന ലഭിച്ച ആദ്യ വനിത– ഇന്ദിരാഗാന്ധി(1971)